അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 9-1-2015-ൽ അംഗീകൃത ഖനന പെർമിറ്റ് ഉണ്ടായിരുന്ന ക്വാറികൾക്ക് മൈനിംഗ് പ്ലാൻ സമർപ്പിക്കാൻ 1-4-2016 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) ക്വാറി-ക്രഷർ ഉടമകളുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്വാറി മേഖലയിലെ സമരം പിൻവലിച്ചിട്ടുണ്ട്.

ക്വാറി - ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി

295 (644) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി നൽകുന്നതിലുള്ള തടസ്സങ്ങൾ കാരണം നിർമ്മാണമേഖല സ്തംഭിക്കുകയും വികസന പ്രവൃത്തികൾ മന്ദഗതിയിലാകുകയും ചെയ്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത സാഹചര്യം ഉറപ്പുവരുത്തി ക്വാറി-ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9-1-2015 വരെ അംഗീകൃത പെർമിറ്റോടെ പ്രവർത്തിച്ചിരുന്ന പാറമടകൾക്ക് പരിസ്ഥിതി അനുമതിയില്ലാതെ പാറഖനനം നടത്തുന്നതിന് താത്കാലിക അനുമതി നൽകിയിട്ടുണ്ട്. ഈ ക്വാറികൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പാക്കും. കൂടാതെ വളരെ വിശദമായ മൈനിംഗ് പ്ലാൻ തയ്യാറാക്കി ഒരു വർഷത്തിനകം സമർപ്പിക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ -2015, റൂൾ 68 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി നൽകുന്ന എല്ലാ ഖനനാനുമതികൾക്കും പാരിസ്ഥിതിക അനുമതിയും മൈനിംഗ് പ്ലാനും നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly